**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4209** **18-03-2025-ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ഡോ. എം. കെ. മുനീർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാന സർക്കാർ ജീവനക്കാരുടെയും സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ്, ഓട്ടോണമസ് സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**(ബി)** 56, 58, 60, 62 എന്നിങ്ങനെ നാല് വ്യത്യസ്ത വിരമിക്കൽ പ്രായം ജീവനക്കാരുടെ ഇടയിൽ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** ഇത്തരത്തിൽ വ്യത്യസ്തമായ വിരമിക്കൽ പ്രായം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

**മറുപടി:** വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**(ഡി)** സംസ്ഥാനത്തെ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാന സർക്കാർ ജീവനക്കാരുടേയോ സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടേയോ വിരമിക്കൽ പ്രായം ഏകീകരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**(ഇ)** വിരമിക്കൽ പ്രായം ഏകീകരിക്കണം എന്ന് ആവശ്യപ്പെട്ട് ജീവനക്കാർ ബഹു. സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരുടേതിന് തുല്യമാക്കണം എന്നാവശ്യപ്പെട്ട് ബഹു.സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട SLP (c)No. 11721/2020 നമ്പർ കേസ് ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് മറ്റ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**